# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6653** 	**21/11/2019 ൽ മറുപടിക്ക്**

## കശുവണ്ടി ഫാക്ടറികളുടെ അടിസ്ഥാന സൗകര്യവികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റോജി എം. ജോൺ | ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) കശുവണ്ടി ഫാക്ടറികളുടെ അടിസ്ഥാന സൗകര്യവികസനം, നവീകരണം എന്നിവ ലക്ഷ്യമാക്കി ഇപ്പോൾ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; | (എ) ഫാക്ടറികളുടെ അടിസ്ഥാന സൗകര്യവികസനവും നവീകരണവും ലക്ഷ്യമാക്കി കാപ്പെക്സിന്റെ എല്ലാ ഫാക്ടറികളിലും, ആധുനികവത്ക്കരണത്തിന്റെ ഭാഗമായി ആവശ്യാനുസരണമുള്ള കട്ടിംഗ് മെഷീനുകൾ ലഭ്യമാക്കിയിട്ടുണ്ട്. പീലിംഗ് ടേബിൾ, ഗ്രേഡിംഗ് ടേബിൾ, മുതലായവ വാങ്ങി നൽകി വരുന്നു. കാപെക്സിന്റെ പെരുമ്പുഴ ഫാക്ടറി പൂർണ്ണമായും പൊളിച്ച് നീക്കി ആധുനിക സൗകര്യങ്ങളോടു കൂടി പുനർനിർമിച്ച് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. തൊഴിലാളികൾക്ക് ആവശ്യമായ ഗ്ലൗസുകളും, ആധുനിക സൗകര്യങ്ങളോട് കൂടിയ ടോയ് ലറ്റുകളും, വിശ്രമമുറികളും ആവശ്യാനുസരണം നിർമിച്ചു വരികയാണ്. എല്ലാ ഫാക്ടറികളിലും, ആവശ്യാനുസരണമുള്ള ലൈറ്റുകളും, ഫാനുകളും നൽകിവരുന്നു. എല്ലാ ഫാക്ടറികളിലും സി.സി.ടി.വി. ക്യാമറ സൗകര്യങ്ങളും ഏർപ്പെടുത്തി മാതൃകപരമായി . കാപ്പെക്സ് പ്രവർത്തിച്ചു വരുന്നു.<br>കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും നവീകരണത്തിനുമായി 2017-18 സാമ്പത്തിക വർഷം അനുവദിച്ച് നൽകിയിട്ടുള്ള 40 കോടി രൂപ വിനിയോഗിച്ച് ഫില്ലിംഗ് -പായ്ക്കിംഗ് ഷെഡ്ഡുകളുടെ സ്ഥാപനം, പാർഷ്യൽ മെക്കനൈസേഷന്റെ ഭാഗമായുള്ള കട്ടിംഗ് |

മെഷീനുകളുടെ സ്ഥാപനം. തൊഴിലാളികളുടെ തൊഴിൽ നിലവാരം മെച്ചപ്പെടുത്തുന്നതിന് ഉതകുന്ന തരത്തിലുള്ള ടോയ്‌ലെറ്റ് ബ്ലോക്കുകളുടെ സ്ഥാപനം, ഡൈനിംഗ് ഹാൾ, തൊട്ടിപ്പുര. ഷെഡ്ഡുകളുടെ നവീകരണം, ആവശ്യത്തിന് ഫാനുകൾ, തൊഴിലാളികൾക്ക് ഇരുന്ന് ജോലി ചെയ്യുന്നതിനുള്ള ക്രമീകരണം എന്നിവയും സാദ്ധ്യമാക്കിയിട്ടുള്ളതാണ്.

(ബി) കശുവണ്ടി പരിപ്പ് വിദേശത്തേക്ക് കയറ്റി അയക്കുന്നതിന് ഏതെങ്കിലും വിദേശ രാജ്യങ്ങളുമായി പുതുതായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ;

(ബി) ഇല്ല.

(സി) തിരുപ്പതി ക്ഷേത്രത്തിലേക്ക് കയറ്റി അയച്ച കശുവണ്ടി പരിപ്പ് മടക്കി അയച്ച സാഹചര്യമെന്താണെന്ന് വിശദമാക്കാമോ?

(സി) തിരുപ്പതിയിലേക്ക് 5 മെട്രിക് ടൺ കശുവണ്ടി പരിപ്പ് സപ്ലൈ ചെയ്യുവാൻ ഓർഡർ ലഭിച്ചതനുസരിച്ച് 3/10/2019 ൽ കാപ്പെക്സ് 5 മെട്രിക് ടൺ പരിപ്പ് അയയ്ക്കുകയുണ്ടായി. എന്നാൽ തിരുമല തിരുപ്പതി ദേവസ്വത്തിന്റെ നിബന്ധന അനുസരിച്ച് അനുവദിച്ചിട്ടുള്ള breakage (പൊടിയുന്നത് ) 8 ശതമാനത്തിലും കൂടുതൽ വന്നതിനാൽ തിരുമല തിരുപ്പതി ദേവസ്വം ടി പരിപ്പ് നിരസിക്കുകയുണ്ടായി. നിബന്ധന പ്രകാരം 20 കിലോ വീതമുള്ള Flexi Pack പൗച്ചിലായിരുന്നു കാപ്പെക്സ് പരിപ്പ് അയച്ചത്. ട്രാൻസ്പോർട്ടേഷൻ, ലോഡ് അൺലോഡിംഗ് എന്നിവ കഴിഞ്ഞപ്പോൾ ക്രിസ്പിനസ് കൂടിയ പിളർപ്പ് പരിപ്പ് കൂടുതൽ പൊടിയുവാൻ കാരണമായി. തുടർന്ന് ടി പരിപ്പിന് പകരം പുതിയതായി അത്രയും അളവ് പരിപ്പ് Flexi Pouch ന് പകരം ടിന്നിൽ നിറച്ച് എല്ലാ Quality Parameters ഉം പാലിച്ച് 02/11/2019 ൽ അയക്കുകയും. ആദ്യം പോയ പരിപ്പ് തിരികെ എടുക്കുകയും ചെയ്തു. രണ്ടാമത് സപ്ലൈ ചെയ്ത പരിപ്പ് തിരുമല തിരുപ്പതി ദേവസ്വം Quality Checking വിഭാഗം അംഗീകരിക്കുകയും. സ്വീകരിക്കുകയും ചെയ്തു.

Radhakrishnan

സെക്ഷൻ ഓഫീസർ